## ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നവർക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ ജീവ പര്യന്തം വരെ തടവും 10 ലക്ഷത്തിന് മുകളിൽ പിഴയും

| | |
|---|---|
| ഗുണനിലവാരം കുറഞ്ഞ എന്നാൽ ആരോഗ്യത്തിന് ഹാനികരമല്ലാത്ത ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിൽപന, സംഭരണം, ഇറക്കുമതി | അഞ്ച് ലക്ഷം രൂപ വരെ പിഴ |
| ഭക്ഷ്യ വസ്തുക്കളുടെ പാക്കറ്റിൽ നിയമാനുസൃത ലേബൽ ഇല്ലെങ്കിൽ | മൂന്ന് ലക്ഷം രൂപ വരെ പിഴ |
| തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകൽ | പത്ത് ലക്ഷം രൂപ വരെ പിഴ |
| അന്യവസ്തുക്കൾ കലർന്ന ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിൽപന, സംഭരണം, ഇറക്കുമതി | ഒരു ലക്ഷം രൂപ വരെ പിഴ |
| ഫുഡ് സേഫ്റ്റി ഓഫീസറുടെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ | രണ്ട് ലക്ഷം രൂപ വരെ പിഴ |
| ശുചിത്വമില്ലാത്തതും അനാരോഗ്യകരവുമായ ചുറ്റുപാടിൽ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, കൈകാര്യം ചെയ്യൽ | ഒരു ലക്ഷം രൂപ വരെ പിഴ |
| മായം ചേർക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളുടെ നിർമ്മാണം, വിൽപന, സംഭരണം, ഇറക്കുമതി | പത്ത് ലക്ഷം രൂപ വരെ പിഴ (ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ),<br>രണ്ട് ലക്ഷം രൂപ വരെ പിഴ (ആരോഗ്യത്തിന് ഹാനികരമല്ലെങ്കിൽ) |
| സുരക്ഷിതമല്ലാത്ത ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിൽപന, സംഭരണം, ഇറക്കുമതി | ആറ് മാസം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും. (ആരോഗ്യത്തിന് ക്ഷതം ഏൽപ്പിക്കാത്തവ) |
| | ഒരു വർഷം വരെ തടവും മൂന്ന് ലക്ഷം രൂപ വരെ പിഴയും (ആരോഗ്യത്തിന് ഗുരുതരമായ ക്ഷതം ഏൽപ്പിക്കാത്തവ) |
| | ആറ് വർഷം വരെ തടവും അഞ്ച് ലക്ഷം രൂപ വരെ പിഴയും (ആരോഗ്യത്തിന് ഗുരുതരമായ ക്ഷതം ഏൽപ്പിക്കുന്നവ) |
| | ഏഴ് വർഷത്തിൽ കുറയാത്തതും ജീവ പര്യന്തം വരെയുള്ള തടവും പത്ത് ലക്ഷം രൂപയിൽ കുറയാത്ത പിഴയും (മരണത്തിന് ഇടയാക്കിയാൽ) |
| ഫുഡ് സേഫ്റ്റി ഓഫീസർ പിടിച്ചെടുത്ത ഭക്ഷ്യ വസ്തുക്കൾ അനുവാദമില്ലാതെ നീക്കം ചെയ്യൽ, കൃത്രിമം കാണിക്കൽ | ആറ് മാസം വരെ തടവും രണ്ട് ലക്ഷം രൂപ വരെ പിഴയും |
| തെറ്റായ രേഖകൾ സമർപ്പിക്കൽ | മൂന്ന് മാസം വരെ തടവും രണ്ട് ലക്ഷം രൂപ വരെ പിഴയും. |
| ഫുഡ് സേഫ്റ്റി ഓഫീസറുടെ ജോലി തടസ്സപ്പെടുത്തൽ, കയ്യേറ്റം, ഭീഷണിപ്പെടുത്തൽ | മൂന്ന് മാസം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും. |
| ലൈസൻസ് ഇല്ലാതെ ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിൽപന, സംഭരണം, ഇറക്കുമതി | ആറ് മാസം വരെ തടവും അഞ്ച് ലക്ഷം രൂപ വരെ പിഴയും. |
| *ഒരേ കുറ്റം വീണ്ടും ആവർത്തിച്ചാൽ നേരത്തെ ലഭിച്ചതിന്റെ ഇരട്ടി വരെ ശിക്ഷ ലഭിക്കാവുന്നതാണ്* | |